(ഡി) ഇവർക്ക് ആവശ്യമായ നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ദുരന്തത്തിന് ഉത്തരവാദികളായവർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ശബരിമല ദുരന്തത്തെക്കുറിച്ച് അന്വേഷിക്കാൻ നിയോഗിക്കപ്പെട്ട ജസ്റ്റീസ് ടി. ചന്ദ്രശേഖരമേനോൻ അന്വേഷണ കമ്മീഷൻ 7.6.2000-ന് അന്വേഷണ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് ആഭ്യന്തര വകുപ്പിന്റെ പരിശോധനയിലാണ്.

(സി)&(ഡി) ദുരന്തത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 25,000 രൂപ വീതവും, ദേവസ്വം ബോർഡ് 10,000 രൂപ വീതവും, പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 50,000 രൂപ വീതവും നൽകിയിട്ടുണ്ട്. മരണപ്പെട്ട കേരളീയരായ 6 പേരുടെ കുടുംബത്തിന് വീണ്ടും 5000 രൂപ കൂടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ചിട്ടുണ്ട്. ഇത് കൂടാതെ ഈ ഫണ്ടിൽ നിന്നും പരിക്ക് പറ്റിയവർക്ക് 5000 രൂപ മുതൽ 10,000 രൂപ വരെയും അനുവദിച്ചിട്ടുണ്ട്.

(ഇ) (എ) യുടേയും (ബി) യുടേയും ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ഗുരുവായൂർ ശ്രീകൃഷ്ണ ക്ഷേത്രത്തിലെ ഫീസ്

70 (1044) ശ്രീ. കെ. ബാബു :

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻപ് ഫീസ് ഈടാക്കാതിരുന്ന ഏതെല്ലാം ഇനങ്ങൾക്കാണ് ഗുരുവായൂർ ശ്രീകൃഷ്ണ ക്ഷേത്രത്തിൽ ഇപ്പോൾ ഫീസ് ഈടാക്കി വരുന്നത്;

(ബി) ഇപ്രകാരം ഈടാക്കി വരുന്ന ഫീസ് എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ ഫീസ് ഈടാക്കിയിരുന്ന ഏതെല്ലാം ഇനങ്ങൾക്കാണ് ഫീസ് വർദ്ധിപ്പിച്ചത് എന്നും എന്ത് തുക വീതമാണ് വർദ്ധിപ്പിച്ചതെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മേൽപ്പത്തൂർ ഓഡിറ്റോറിയത്തിൽ അരങ്ങേറ്റം വഴിപാട് നടത്തുന്നതിനും, കഷേത്രം ഊട്ടുപുരയിൽ സപ്താഹം വഴിപാട് നടത്തുന്നതിനും, ഭക്തജനങ്ങളുടെ ചെരുപ്പ്, ലഗ്ഗേജ് എന്നിവ സൂക്ഷിക്കുന്നതിനും, പുന്നത്തൂർ കോട്ടയിലെ ആനത്താവളം നന്ദർശിക്കുന്നതിനും ഫീസ് ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഗുരുവായൂർ ദേവസ്വം അറിയിച്ചിട്ടുണ്ട്.

(ബി) മേലത്തൂർ ഓഡിറ്റോറിയത്തിൽ അരങ്ങേറ്റം നടത്തുന്നതിന് 250 രൂപ, ഊട്ടുപുരയിൽ സപ്താഹം നടത്തുന്നതിന് 750 രൂപ, ചെരുപ്പുകൾ

LIBRARY ARCHIVES Kerala Legislative Assembly

സൂക്ഷിക്കുന്നതിന് 1 രൂപ. ലഗ്ഗേജുകൾ സൂക്ഷിക്കുന്നതിന് 5 രൂപ, പുന്നത്തൂർകോട്ട സന്ദർശിക്കുന്നതിന് പ്രായപൂർത്തിയായവർക്ക് 5 രൂപ, കുട്ടികൾക്ക് 3 രൂപ എന്ന നിരക്കിൽ ഫീസ് ഈടാക്കി വരുന്നു.

(സി) ദേവസ്വം കംഫർട്ട് സ്റ്റേഷനിൽ നിലവിലുണ്ടായിരുന്ന ഒരു രൂപ എന്നത് മൂന്ന് രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

ദേവസ്വം ബോർഡിന്റെ അനുബന്ധ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകൾ

71 (1045)ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. ബി. വിജയകുമാർ :

ശ്രീ. കെ. ബാബു : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ദേവസ്വം ബോർഡിന്റെയും അതിന് കീഴിലുള്ള സ്ഥാപനങ്ങളുടേയും ഓഡിറ്റ് നടത്തിയ എത്ര റിപ്പോർട്ടുകളിൽ നടപടി എടുക്കുവാനുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ റിപ്പോർട്ടുകളിൽ നടപടി എടുക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഈ ആഡിറ്റ് റിപ്പോർട്ടുകളുടെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ)-(സി) 1950-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമതസ്ഥാപന നിയമത്തിലെ സെക്ഷൻ 102 അനുസരിച്ച് ദേവസ്വം ബോർഡിലേയും ബോർഡിന്റെ കീഴിലുള്ള ദേവസ്വങ്ങളിലേയും സ്ഥാപനങ്ങളിലേയും ഓഡിറ്റ് നടത്തുന്നത് ഹൈക്കോടതി നിയമിക്കുന്ന ഓഡിറ്റർമാരാണ്. ഇപ്പോൾ ഓഡിറ്റ് നടത്തി വരുന്നത് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പാണ്. ഓരോ വർഷത്തേയും ഓഡിറ്റ് റിപ്പോർട്ട് ഹൈക്കോടതിക്കാണ് സമർപ്പിക്കുന്നത്. അതിന്മേൽ നടപടി എടുക്കുന്നതും ബഹു: ഹൈക്കോടതിയാണ്. സർക്കാരിലേക്ക് ഓഡിറ്റ് റിപ്പോർട്ട് സമർപ്പിക്കുവാൻ നിയമത്തിൽ വ്യവസ്ഥകളില്ല. ആയതിനാൽ, ഓഡിറ്റ് റിപ്പോർട്ടുകൾ ഒന്നും സർക്കാരിൽ ലഭ്യമല്ല.

സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം ജോലി നൽകുന്നതിന് നടപടി

72 (1046) ശ്രീ. വി. ബാലറാം :

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവനത്തിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്ന രീതി തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുവരെ എത്ര പേർക്ക് ഇപ്രകാരം ജോലി നൽകിയെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly